മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കുട്ടനാടിന്റെ സമഗ്രമായ വികസനത്തിനായി ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ഏതാണ്ട് 276 കോടി രൂപ മുതൽമുടക്കുള്ള ഒരു പദ്ധതിയാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതിക്കു സഹായം നൽകുന്നതിനായി ഡച്ചുഗവൺമെന്റുമായി ബന്ധപ്പെടുന്നതിന് ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചുകൊടുത്തു. കേന്ദ്രഗവൺമെന്റ് അതിനാവശ്യമായ നടപടികളും സ്വീകരിച്ചു. അതിനെത്തുടർന്ന് ഡച്ചു ഗവൺമെന്റിന്റെ പ്രതിനിധികളും കേരളത്തിൽ വന്ന് ഇക്കാര്യങ്ങളെക്കുറിച്ച് നേരിട്ട് മനസ്സിലാക്കിക്കൊണ്ട് പോയിരിക്കുകയാണ്. അവരുടെ വിദഗ്ദ്ധ പരിശോധനയിൽ ഈ പരിപാടിയെക്കുറിച്ച് എന്തെങ്കിലും വികസനപരിപാടികളും ആരംഭിക്കുന്നതിന് മുൻപായിട്ട് വാട്ടർ ബാലൻസ് സ്റ്റഡി നടത്തണമെന്ന് പറഞ്ഞിരിക്കുകയാണ്. അതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. വിദഗ്ദ്ധൻമാരുടെ സഹായത്തോടുകൂടി അവർ അത് നടത്താമെന്ന് സമ്മതിച്ചിരിക്കുകയാണ്. ആ സ്റ്റഡി കഴിഞ്ഞ് അവരുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ഡച്ച് ഗവൺമെന്റ് – സഹായം തരാമെന്നുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച നടപടികളും പൂർത്തിയായിക്കഴിഞ്ഞാൽ അതോറിറ്റി രൂപീകരിക്കുകയും മറ്റ് ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ സത്വരമായി നടപടികളും സ്വീകരിക്കും.

ഡോ. കെ. സി. ജോസഫ്: സർ, വാട്ടർ ബാലൻസ് സ്റ്റഡി ഇതിനോടകം ആരംഭിച്ചുവെന്ന് പറഞ്ഞു. അതിനാവശ്യമായ പണം ഈ വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടോ; വാട്ടർ ബാലൻസ് സ്റ്റഡി ഇതിനോടകം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് ഈ വാട്ടർ ബാലൻസ് സ്റ്റഡി നടത്തുന്നത്; എന്നത്തേക്ക് ഇത് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: സർ, അതിനുള്ള വിദഗ്ദ്ധ സംഘത്തെ നിയമിച്ചു കഴിഞ്ഞിട്ടില്ല. ഇക്കാര്യങ്ങളും പരിശോധിച്ച് അധികം കാലതാമസം കൂടാതെ തന്നെ വേണ്ട നടപടികളും സ്വീകരിക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

(2) മതം മാറിയ ഹരിജനങ്ങൾക്ക് ആനുകൂല്യം നിഷേധിക്കുന്നതു നിമിത്തം ഗ്രാമവികസന പ്രവർത്തനങ്ങളിലുണ്ടാകുന്ന പോരായ്മകൾ

ശ്രീ. കെ. പങ്കജാക്ഷൻ: സർ, മതം മാറിയവർ എന്നതിന്റെ പേരിൽ ഹരിജനങ്ങൾക്കുവേണ്ടിയുള്ള ഭവന സഹായ പദ്ധതികളും അനുസരിച്ചുള്ള വീട് നിർമ്മാണത്തിന് ബ്ലോക്കുകളിൽനിന്നും ആനുകൂല്യങ്ങളും നൽകാൻ കഴിയുന്നില്ല. അതുപോലെതന്നെ ഗവൺമെന്റ് ഉത്തരവോ ഭരണാനുമതിയോ നൽകാൻ കഴിയാത്തതിന്റെ പേരിൽ ഹരിജൻ–ഗിരിജന വിഭാഗങ്ങളുൾപ്പെടെയുള്ളവർക്ക് പ്രയോജനകരമായ റോഡ് നിർമ്മാണത്തിനുമുള്ള നടപടികളും സ്വീകരിക്കാൻ കഴിയാതെവരുന്നു. അർഹതയുള്ളവർക്കു മാത്രമായി ഐ. ആർ. ഡി. പി. വായ്പകളും കൊടുക്കാൻ സാധിക്കാതെ വരുന്നു. ഈ സാഹചര്യത്തിൽ ബ്ലോക്കുകളിലെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായ രീതിയിൽ നടത്തിക്കൊണ്ടുപോകാൻ പറ്റാതെ വരുന്നു. അങ്ങ് തന്നെ ചാർജ്ജ് എടുത്തതിനുശേഷം ഈ ബ്ലോക്കുകളിലെ ഉപദേശകസമിതികളെ പുനഃസംഘടിപ്പിക്കുമെന്ന് പറഞ്ഞു. എന്നാലിപ്പോഴും ഉപദേശകസമിതികളില്ല. അതുകൊണ്ടുതന്നെ ജനങ്ങളുടെ പങ്കാളിത്തം ജനപ്രതിനിധികളുടെ പങ്കാളിത്തം ബ്ലോക്കുകളുടെ പ്രവർത്തനത്തിൽ ഉണ്ടാകാതെ പോകുന്നു.

എന്റെ നിയോജകമണ്ഡലം ഏതാണ്ട് ഇരുപത് ഇരുപത്തിരായിരത്തോളം ഹരിജന-ഗിരിജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു പ്രദേശമാണ്. അതുപോലെതന്നെ നെടുമങ്ങാട്, വാമനപുരം നിയോജകമണ്ഡലങ്ങളിൽ വളരെയേറെ ഹരിജനങ്ങളും ഗിരിജനങ്ങളും ഉണ്ട്. ഇവിടങ്ങളിൽ ഒരു നല്ലവിഭാഗം ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരാണ്. അതുകൊണ്ടുതന്നെ ഈ ഭവനനിർമ്മാണ വായ്പകൾക്കും അതുപോലുള്ള സഹായങ്ങൾക്കും ഇവർ അർഹരല്ലാതായി പരിഗണിക്കപ്പെടുന്നു. ഇവരേയുംകൂടി ഹരിജനങ്ങളുടെ വിഭാഗത്തിലുൾപ്പെടുത്തിയാണ് തുക അനുവദിക്കുന്നതും ഭവന നിർമ്മാണത്തിനുള്ള വായ്പ വകയിരുത്തുന്നതും. ബ്ലോക്കുകളിൽ ഡി. ആർ. ഡി. എ. യുടെ ചർച്ചകൾ വരുന്ന അവസരത്തിൽ ഇതുംകൂടി കണക്കിലെടുത്ത് തുകകൾ തീരുമാനിച്ച് ഭവന നിർമ്മാണത്തിന് തുക മാറിവയ്ക്കുമ്പോൾ ഇവർക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയാതെ വരുന്നു. ഭവന നിർമ്മാണത്തിനായി നീക്കിവയ്ക്കുന്ന, വായ്പക്കായി നീക്കി വയ്ക്കുന്ന തുക വിനിയോഗിക്കാൻ കഴിയാതെ പോകുന്നു. അത് മറ്റൊരു രീതിയിൽ പ്രയോജനപ്പെടുത്തുവാനും അനുവാദം ലഭിക്കുന്നില്ല. ഇത് ഞാൻ മുൻപൊരിക്കൽ ഈ സഭയിൽ ഉന്നയിച്ച അവസരത്തിൽ മതപരിവർത്തനം ചെയ്തവരായി കണക്കു കൂട്ടുന്ന ഹരിജനങ്ങൾ, ഹരിജനങ്ങളെപ്പോലെയോ അതിനേക്കാൾ കേവലമായ അവസ്ഥയിലോ കഴിയുന്നവരാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഭരണഘടനാപരമായ പരിമിതികൾ വച്ചുകൊണ്ട് ആ സഹായം ഉപയോഗിക്കാൻ കഴിയാതെ വരുന്നുവെങ്കിൽ അവർക്ക് സംസ്ഥാന ഗവൺമെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചുകൊണ്ട് ആ സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണമായിരുന്നു. അതിനെ ഉദ്ദേശിച്ചുകൊണ്ട് അവശ ക്രൈസ്തവ കോർപ്പറേഷൻ ഉണ്ടായിരുന്നു. ആ കോർപ്പറേഷന്റെ പ്രവർത്തനവും ഇപ്പോൾ നിലച്ചിരിക്കുകയാണ്. വളരെ തുച്ഛമായ തുക മാത്രമാണ് ആ വഴിക്ക് ഈ കോർപ്പറേഷന് കൊടുത്തിരുന്നത്. അതിനാവശ്യമായ ധനസഹായം നൽകാത്തതുകൊണ്ട് അതിന്റെ പ്രവർത്തനം ഇപ്പോൾ നിലച്ചുപോയിരിക്കുകയാണ്; ആ കോർപ്പറേഷന്റെ പ്രവർത്തനം ഇല്ലാതായിക്കഴിഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ ഈ ഗവൺമെന്റ് ബ്ലോക്കുകളിൽ കൂടി സ്പെഷ്യൽ കമ്പോണന്റ് പ്ലാനിലോ മറ്റോ ഉൾപ്പെടുത്തി ഗിരിജന പ്രദേശങ്ങളിൽ റോഡ് നിർമ്മാണത്തിന് തീരുമാനിക്കുമ്പോൾ ഇത് പൂർണ്ണമായും ഹരിജനങ്ങൾക്ക് പ്രയോജനപ്പെടുന്ന റോഡുകളല്ല എന്ന നിലയ്ക്ക് അത്തരം റോഡുകൾക്ക് ഗവൺമെന്റ് തലത്തിൽ അനുമതി നൽകാതിരിക്കുന്നു. കളക്ടർ ഭരണാനുമതി നൽകാതെ പോകുന്നു. ഈ കാരണങ്ങൾകൊണ്ട് ഈ പ്രദേശങ്ങളിലെ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് ബ്ലോക്കുകളിലൂടെയുള്ള വായ്പകളുടെ സൗകര്യമോ റോഡ് നിർമ്മാണത്തിന്റെയോ വെളിച്ചം വിതരണം ചെയ്യുന്നതിന്റെയോ ഒക്കെ പ്രയോജനം ലഭ്യമാകാതെ പോകുന്നു. പ്രത്യേകിച്ചും നമ്മുടെ മലമ്പ്രദേശങ്ങളിലെ ഉള്ളാടകളിൽ അധിവസിക്കുന്ന ഹരിജനങ്ങൾക്കും മറ്റുമാണ് ഈ പ്രയോജനം ലഭ്യമാകാതെ പോകുന്നത്. ഐ. ആർ. ഡി. പി. വായ്പകളുടെ കാര്യത്തിലും അത് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ മൂന്നോ നാലോ ബ്ലോക്കുകളിൽ ടാർജറ്റ് അച്ചീവ് ചെയ്യാൻ കഴിഞ്ഞതിൽ എന്റെ ബ്ലോക്കും ഉൾപ്പെടുന്നു. അതുകൊണ്ടുതന്നെ കൂടുതൽ പൈസ കൊടുക്കാതെയും ഇരിക്കുന്നു. പക്ഷേ നെടുമങ്ങാട്, വാമനപുരം തുടങ്ങിയ ബ്ലോക്കുകളിൽ ഇനിയും 50% തുകപോലും ഈ ഐ. ആർ. ഡി. പി. വായ്പകൾക്ക് നീക്കിവച്ചത് കൊടുക്കാൻ കഴിയാതെ പോകുന്നു. പത്രങ്ങളിൽ വന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കും. അർഹതയില്ലാത്തവർക്ക് കൊടുക്കുന്നതിന് മന്ത്രിമാരുടെ ഓഫീസുകളിൽനിന്ന് സമ്മർദ്ദം വരുന്നു. അതുകൊണ്ടുതന്നെ ബാങ്കുകാർ വായ്പകൾ കൊടുക്കാതെ വച്ചു താമസിപ്പിക്കുന്നു. ടാർജറ്റ് അച്ചീവ് ചെയ്യാൻ കഴിയാതെ പോകുന്നത് ആ കാരണം കൊണ്ടാണ്. അർഹതയില്ലാത്തവർക്ക് കൊടുക്കാനുള്ള ശ്രമത്തിൽ ഉദ്യോഗസ്ഥൻമാർ രാജിവച്ചു പോകേണ്ട ദുർഗതിയുണ്ടാകുകയും ഹരിജനവിഭാഗത്തിൽപ്പെട്ട ഒരു വലിയ വിഭാഗത്തിന് മതപരിവർത്തനത്തിന്റെ പേരിൽ ഈ ആനുകൂല്യം നിഷേധിക്കുകയുമാണ് ചെയ്യുന്നത്. മൊത്തമായി ഇതിന്റെ ഫലമെന്തെന്നുവച്ചാൽ ഈ ഐ. ആർ. ഡി. പി. വായ്പകളും മറ്റും അർഹരായവർക്ക് കൊടുക്കാൻ കഴിയാതെ പോകുന്നു. അങ്ങനെയുള്ളവർക്ക് കൊടുക്കുന്നതിനുള്ള സമ്മർദ്ദം മുകൾതലങ്ങളിൽ നിന്നുണ്ടാകുമ്പോൾ ഉദ്യോഗസ്ഥൻമാർ അായ്ക്കുന്നു. അവിടെ നിശ്ചിത ലക്ഷ്യം നേടിയെടുക്കാൻ കഴിയാതെ പോകുന്നു. ഈ അവസ്ഥയെപ്പറ്റി അങ്ങ് ഒരു പഠനം നടത്താൻ ശ്രമിക്കണം. അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് ഈ പ്രശ്നം അങ്ങയുടെ മുന്നിൽ ഉന്നയിച്ചത്.

ഗ്രാമവികസനവകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. തൊഴിൽദാന പദ്ധതികളെക്കുറിച്ചാണ്. അവയ്ക്ക് യാതൊരു വിവേചനവും കാണിക്കുന്നില്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗ്രാമപ്രദേശത്ത് തൊഴിൽ ചെയ്യാൻ കഴിവുള്ള എല്ലാവർക്കും തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ പൊതുവായ ലക്ഷ്യം. ഒരു വ്യത്യാസം മാത്രമാണ് ഇതിനകത്തുള്ളത്. ഹരിജനങ്ങൾക്കും ആദിവാസികൾക്കും ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. ഫണ്ടുകൾ ഉപയോഗിച്ച് ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇത് ഹരിജനങ്ങൾക്കും ആദിവാസികൾക്കും നേരിട്ട് പ്രയോജനം കിട്ടണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഭവന നിർമ്മാണ പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നത്. ഏറ്റവും പാവപ്പെട്ടവന് ആദ്യം സഹായിക്കുക എന്നുള്ള "അന്ത്യോദയ" പ്രിൻസിപ്പിൾ തന്നെയാണ് ഇവിടെയും തുടർന്നുവരുന്നത്. ഇവർക്ക് വീടുകൾ, അമിനിറ്റീസ് തുടങ്ങിയ സൗകര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണമാണ് നമ്മൾ ഇപ്പോൾ എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുന്നത്. മതപരിവർത്തനം ചെയ്തിട്ടുള്ളവരെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥകളില്ലെന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കേന്ദ്ര മന്ത്രിയുമായി ഈ കാര്യം സംസാരിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും—irrespective of castes—ഭവന നിർമ്മാണ പദ്ധതിയുടെ ആനുകൂല്യം എത്തിച്ചു കൊടുക്കണമെന്നുള്ള ഒരു നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

നേരത്തേ സൂചിപ്പിച്ചതുപോലെ നൂറ്റാണ്ടുകളായി ഹരിജനങ്ങളും ആദിവാസികളും അനുഭവിച്ചുകൊണ്ടിരുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും കണക്കിലെടുത്ത് നേരിട്ട് അവരെ സഹായിക്കുന്ന പദ്ധതിയാണ് ഇപ്പോഴും നിലവിലുള്ളത് എന്നുള്ള മറുപടിയാണ് കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടിയത്. തൽക്കാലം അങ്ങനെ എന്നാലും കൂടുതൽ വിഷമം അനുഭവിക്കുന്നവരെ സഹായിക്കുക എന്നുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റിനുള്ളത് എന്നാണ് ഞങ്ങളെ അറിയിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. വർക്കുകളിൽ ഇപ്പോഴും റോഡുകളും, സ്കൂളും ബിൽഡിംഗുകളും, ഹോസ്പിറ്റലുകളും എന്നിവ നിർമ്മിക്കുന്നുണ്ട്. കൂടാതെ മൈനർ ഇറിഗേഷൻ വർക്കുകളും സോയിൽ കൺസർവേഷൻ വർക്കുകളുമെല്ലാം നടക്കുന്നുണ്ട്. ജോലി ചെയ്യാൻ കഴിവുള്ള എല്ലാവർക്കും അവസരം കൊടുക്കുന്ന പ്രവർത്തനങ്ങളാണ് ഇന്ന് നടന്നു വരുന്നത്. ഇവിടെ ഐ. ആർ. ഡി. പി. യെപ്പറ്റി സൂചിപ്പിച്ചു. ഏതെങ്കിലും പ്രത്യേക സമുദായത്തിൽപ്പെട്ടവർക്ക് ഐ. ആർ. ഡി. പി. യിൽ നിന്ന് സഹായം കൊടുക്കരുതെന്നൊന്നുമില്ല. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ ആരായാലും അത് ഹരിജനങ്ങളാണെങ്കിലും, ആദിവാസികളാണെങ്കിലും, മതപരിവർത്തനം ചെയ്യപ്പെട്ടവരാണെങ്കിലും, മുന്നോക്ക സമുദായത്തിൽപ്പെട്ടവരാണെങ്കിലും അവർക്കെല്ലാം ഐ. ആർ. ഡി. പി. യുടെ ആനുകൂല്യമുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെയാണ് ഇതിനു വേണ്ടി സർവ്വേയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തിട്ടുള്ളത്. അവർക്ക് അതിനുള്ള ആനുകൂല്യം കൊടുക്കുന്നുണ്ട്. അതിനകത്ത് പിന്നീട് പറഞ്ഞിട്ടുള്ളതു പോലെ എസ്. സി./എസ്. ടി. ഫാമിലിക്ക് 30 ശതമാനവും സ്ത്രീകൾക്ക് 30 ശതമാനവും റിസർവ്വ് ചെയ്യണമെന്ന് മാത്രമാണ്. അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചു, ഐ. ആർ. ഡി. പി. വിതരണത്തിൽ മന്ത്രിമാരുടെ ഓഫീസിൽനിന്ന് സമ്മർദ്ദം ഉണ്ടാകുന്നുവെന്ന്. അത് ശരിയല്ല. അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഞാൻ കൂടി പങ്കെടുത്ത ഒരു മീറ്റിംഗിലെ സംഭവമാണ്. അത് ഐ. ആർ. ഡി. പി. അസറ്റ്സ് വിതരണം ചെയ്യുന്ന മേളയല്ലായിരുന്നു. അത് ഒരു ബാങ്ക് സംഘടിപ്പിച്ച വായ്പാമേളയായിരുന്നു. അങ്ങനെ മന്ത്രിമാരുടെ ഓഫീസിൽനിന്നോ എം. എൽ. എ. മാർ പറഞ്ഞാലോ ഐ. ആർ. ഡി. പി. ലിസ്റ്റിൽപ്പെടാത്ത ഒരാൾക്കുപോലും ഈ സംസ്ഥാനത്ത് ഇപ്പോഴും വായ്പ കൊടുക്കാൻ നിവൃത്തിയില്ല. ലിസ്റ്റിൽപ്പെട്ടവർക്ക് "അത് poorest of the poor" എന്നുള്ള പ്രിൻസിപ്പിളും അനുസരിച്ചുതന്നെയാണ് ഇപ്പോഴും കൊടുത്തിരിക്കുന്നത്. മതപരിവർത്തനം ചെയ്ത ആദിവാസികൾക്ക് നമ്മൾ വീട് വച്ച് കൊടുക്കുന്നുണ്ട്. രേണാഘടന വ്യവസ്ഥയനുസരിച്ച് മതപരിവർത്തനം ചെയ്തവരാണെങ്കിലും ആദിവാസികളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അവർക്ക് വീടു വച്ചു കൊടുക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് ഇപ്പോഴും പാലിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചു പല ബ്ലോക്കുകളിലും ടാർജറ്റ് അച്ചീവ് ചെയ്തിട്ടില്ലെന്ന്. ബഹുമാനപ്പെട്ട മെമ്പറുടെ ബ്ലോക്ക് തന്നെ ടാർജറ്റ് അച്ചീവ് ചെയ്ത ബ്ലോക്കാണ്. ഈ സംസ്ഥാനത്ത് കഴിഞ്ഞ ഒരു കാലത്തുമുണ്ടാകാത്ത രീതിയിൽ ഡിസംബർ മാസത്തിൽത്തന്നെ നമ്മൾ ഈ വർഷത്തെ ടാർജറ്റ് അച്ചീവ് ചെയ്തു കഴിഞ്ഞിരിക്കുകയാണ്. ഈ കാര്യത്തിൽ യാതൊരു വിവേചനവുമില്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ മറെറാരു പോയിൻറ് ചില റോഡുകളുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി കൊടുക്കുന്നില്ലെന്നുള്ളതാണ്. അങ്ങനെ പ്രത്യേക സമുദായത്തിന്, മത പരിവർത്തനം ചെയ്ത ഹരിജനങ്ങൾക്ക് സൗകര്യ പ്രദമായ റോഡുകളുടെ ഭരണാനുമതി കൊടുക്കാതിരിക്കാൻ യാതൊരു ന്യായവുമില്ല. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ സ്പെസഫിക്കായി ചൂണ്ടിക്കാണിച്ചാൽ തീർച്ചയായിട്ടും ഗവൺമെൻറ് ആ കാര്യത്തിൽ നടപടി എടുക്കുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: കഴിഞ്ഞ വർഷത്തിൽ തന്നെ ആർ. എൽ. ഇ. ജി. പി. പദ്ധതിയനുസരിച്ച് എടുത്തിട്ടുള്ള പണികൾ ഇനിയും നമുക്ക് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ സാമ്പത്തിക വർഷത്തേക്ക് ആക്ഷൻ പ്ലാൻ തയ്യാറാക്കണമെന്ന് അങ്ങ് നിർദ്ദേശം കൊടുത്തിരുന്നു. ആ ആക്ഷൻ പ്ലാൻ അനുസരിച്ച് ഈ കഴിഞ്ഞ ജൂൺ മാസത്തിൽ പ്രവർത്തികൾ തുടങ്ങത്തക്ക വിധത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഡി. ആർ. ഡി. എ. കൾ അംഗീകരിച്ച പണികൾക്ക് ഗവൺമെൻറ് അനുവാദം ഈ അടുത്ത ദിവസങ്ങളിലാണ് വന്നത്. എങ്ങനെ ഈ മാർച്ചിനകത്ത് ഈ പണികൾ നടത്തിത്തീർക്കാൻ കഴിയും? ഇനിയും ബാക്ക് ലോഗ് ഉണ്ടാവുകയാണ്. അതുപോലെ തന്നെ ചെറിയ മാറ്റങ്ങൾ വരുത്തിക്കൊടുത്തിട്ടുള്ള പണികൾക്കും അങ്ങയുടെ വകുപ്പിൽനിന്നും ഡി. ആർ. ഡി. എ. യിൽ നിന്നും ഭരണാനുമതി ലഭിക്കാതെയും ഇരിക്കുന്നുണ്ട്. ആ കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തീർച്ചയായിട്ടും അങ്ങനെ എന്തെങ്കിലും സ്പെസഫിക്കായിട്ട് ചൂണ്ടിക്കാണിച്ചാൽ അത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

IV. സബ്മിഷൻ

(1) മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം

ശ്രീ. ആർ. എസ്. ഉണ്ണി: സർ, കേരളത്തിലെ മുനിസിപ്പൽ കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ടൗൺഷിപ്പുകളിലേയും 6,000-ത്തോളം മുനിസിപ്പൽ കണ്ടിൻജൻസി ജീവനക്കാർ 27-ാം തീയതി മുതൽ പണിമുടക്കിലാണ്. മുനിസിപ്പൽ കണ്ടിൻജൻസി ജീവനക്കാരുടെ സേവന—വേതന വ്യവസ്ഥകൾ തീരുമാനിച്ച് ശുപാർശ ചെയ്യുന്നതിന് ഗവൺമെൻറ് ഒരു വേജ് ബോർഡ് രൂപീകരിച്ചിരുന്നു. സ്റ്റാറ്റ്യൂട്ടറി ബോർഡാണ് വേജ് ബോർഡ്. ലോക്കൽ അഡ്മിനിസ്ട്രേഷൻ കമ്മീഷണറും സെക്രട്ടറിയും അതിന്റെ ചെയർമാനാണ്. മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ അതിലെ അംഗമാണ്. ലോക്കൽ ഫണ്ട് ആഡിറ്റർ എക്സാമിനറും ഫിനാൻസ് സെക്രട്ടറിയും അതിലെ അംഗങ്ങളാണ്. തൊഴിലാളി പ്രതിനിധികൾ അടങ്ങുന്നതാണ് ഈ വേജ് ബോർഡ്. ഇത് മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമാണ്. ലോക്കൽ അഡ്മിനിസ്ട്രേഷൻ കമ്മീഷണർ ചെയർമാനായിട്ടുള്ള ഒരു വേജ് ബോർഡ് ഇതിനുമുൻപ് ഉണ്ടായിട്ടില്ല. ഇതിനുമുൻപും വേജ്

LIBRARY ARCHIVES Kerala Legislative Assembly